ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽനിന്നും അയച്ചു തന്നിട്ടുള്ള സ്റ്റേറ്റു മെന്റുകളുടേയും ചോദ്യാവലികളുടേയും മറുപടി സമയബന്ധിതമായി എത്തിച്ചുകൊടുക്കേണ്ട ശ്രമകരമായ ജോലിയിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. കൂടാതെ കേരളത്തിന്റെ താൽപ്പര്യങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ഒരു മെമ്മോറാണ്ടം കമ്മീഷനു നൽകുന്നുണ്ട്. ആയതിലേക്കായി 9-7-2003-ൽ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ വർഷാവസാനം കമ്മീഷൻ കേരളം സന്ദർശിക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വസ്തുതകളും യാഥാർത്ഥ്യങ്ങളും ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത വിവരങ്ങൾ ഒന്നും നൽകുന്ന പതിവില്ല.

കുളമ്പുരോഗത്തിന് ഹോമിയോ ചികിൽസ

* 14 [587] പ്രൊഫ. എ. ഡി. മുസ്തഫ:
,, സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. സുജനപാൽ:
,, തമ്പാനൂർ രവി:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ കുളമ്പു രോഗം സംസ്ഥാനത്ത് എവിടെയെല്ലാം കാണപ്പെടുന്നു;

(ബി) ഈ രോഗചികിൽസയ്ക്ക് ഫലപ്രദമായ മരുന്നു നൽകുവാൻ വെറ്ററിനറി ഡോക്ടർമാർക്ക് കഴിയുന്നുണ്ടോ;

(സി) ഈ രോഗം പിടിപെട്ട മിക്ക കന്നുകാലികളും ചത്തുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ രോഗത്തിന് ഫലപ്രദമായ ഹോമിയോ മരുന്നുണ്ടോ;

(ഇ) എങ്കിൽ ഇത്തരം രോഗം വരുന്ന കന്നുകാലികൾക്ക് ഹോമിയോ ചികിൽസ കൂടി പ്രയോഗിക്കാൻ നിർദ്ദേശം നൽകുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 2002-2003 വർഷത്തിൽ കുളമ്പുരോഗം കേരളത്തിൽ വ്യാപകമായി പടർന്നു പിടിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും രോഗബാധ ഉണ്ടായി. കണ്ണൂർ, ആലപ്പുഴ ജില്ലകളിൽ വളരെ ശക്തമായിട്ടാണ് രോഗബാധയുണ്ടായത്. ഇടുക്കി, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വളരെകുറച്ച് കന്നുകാലികൾക്കേ രോഗബാധയുണ്ടായിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുളമ്പുരോഗം ഒരു വൈറസ് രോഗബാധയാണ്. അതുകൊണ്ട് ഈ രോഗബാധയ്ക്ക് എതിരെ ഫലപ്രദമായ പ്രതിരോധ കുത്തിവെയ്പ് നടത്തി വരുന്നുണ്ട്.

(സി) ആകെ 18198 കന്നുകാലികൾക്ക് പ്രസ്തുത രോഗബാധയുണ്ടാകുകയും 1237 എണ്ണം മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) ഹോമിയോ മരുന്ന് ഉപയോഗിച്ചുനോക്കി. ഫലപ്രദമാണോ എന്നു ഗവേഷണം നടത്തി നോക്കിയിട്ടില്ല.

(ഇ) ഹോമിയോ ചികിൽസ കൃഷിക്കാർ ചെയ്യിക്കുന്നുണ്ട്. ഗവൺമെന്റ് ഇതിനെപ്പറ്റി പരീക്ഷണം നടത്തി വിജയമാണെന്നു കണ്ടാലേ നിർദ്ദേശം കൊടുക്കുവാൻ കഴിയുകയുള്ളൂ.

വനാതിർത്തി നിർണ്ണയിക്കുന്നതിന് നടപടി

* 15 [588] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ എം. വി. ജയരാജൻ:
„ കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തി നിർണ്ണയിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മിക്ക സ്ഥലങ്ങളിലും വ്യക്തമായ അതിരുകൾ രേഖപ്പെടുത്താത്തത് കാരണം വ്യാപകമായ വനം കയ്യേറ്റവും മരം മുറിച്ചുകടത്തലും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു തടയുന്നതിനായി ഒരു സമയപരിധി നിശ്ചയിച്ച് വനസർവ്വേ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) കയ്യേറ്റത്തിന് വിധേയമായ സ്ഥലങ്ങൾ ഒഴിപ്പിച്ച് സർവ്വേ നടത്തി ജണ്ട കെട്ടി തിരിച്ച് അവ വീണ്ടും വനഭൂമിയായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) വനംവകുപ്പിന് അവകാശപ്പെട്ട ഭൂമി റവന്യൂ വകുപ്പിന്റെ പക്കൽ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വനം, റവന്യൂ എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താൻ തയ്യാറാകുമോ?

വനവും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്. സംസ്ഥാനത്തെ വനാതിർത്തി നിർണ്ണയിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടത്തുകയും ജണ്ടകളും കയ്യാലയും നിർമ്മിക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly